# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ .558 — 09.07.2012 ന് മറുപടിയ്ക്ക്

### വരുമാന സർട്ടിഫിക്കറ്റുകളുടെ കാലാവധി ഏകീകരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. പി. സജീന്ദ്രൻ<br>,, ഐ. സി. ബാലകൃഷ്ണൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, വർക്കല കഹാർ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) വരുമാന സർട്ടിഫിക്കറ്റുകളുടെ കാലാവധി ഏകീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) 23/03/1985-ലെ സർക്കാർ ഉത്തരവ് (കൈ.) 182/85/ആർ.ഡി. നമ്പർ പ്രകാരം "സാധാരണയായി ഒരു പ്രത്യേക ആവശ്യത്തിനു വേണ്ടി ഒരാൾക്ക് നൽകപ്പെടുന്ന ഒരു സർട്ടിഫിക്കറ്റിന് രണ്ടു വർഷക്കാലത്തേയ്ക്കോ അല്ലെങ്കിൽ ആ കോഴ്സിന്റെ കാലാവധി വരെയോ പ്രാബല്യമുണ്ടായിരിക്കുന്നതാണ്" എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 27/04/2007-ലെ സർക്കാർ ഉത്തരവ് (കൈ.) 136/2007/ആർ.ഡി പ്രകാരം "36,000/- രൂപ വരെ 1 വർഷം സാധുത കാലയളവും 36,000/- രൂപയ്ക്ക് മുകളിൽ നിലവിലുള്ള വ്യവസ്ഥ തുടരുന്നു"വെന്നും ഉത്തരവായിട്ടുണ്ട്.<br>കേന്ദ്രസർക്കാർ സ്ഥാപനങ്ങളിലേയ്ക്കോ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കോ എൻട്രൻസ് മുതലായ പരീക്ഷകൾക്കോ അപേക്ഷ സമർപ്പിക്കേണ്ടി വരുമ്പോൾ നിശ്ചിതഫോർമാറ്റിൽ വരുമാന സർട്ടിഫിക്കറ്റ് നൽകേണ്ടി വരുന്ന സാഹചര്യങ്ങളിലൊഴികെ വിവിധ ആവശ്യങ്ങൾക്കുവേണ്ടി ഉപകരിക്കത്തക്ക വണ്ണം വരുമാന സർട്ടിഫിക്കറ്റിന്റെ സാധുതാ കാലാവധി ഏകീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ; | (ബി) ഗുണഭോക്താക്കൾക്ക് ഓരോ ആവശ്യങ്ങൾക്കും വെവ്വേറെ വരുമാന സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവായിക്കിട്ടും. വില്ലേജാഫീസുകളിൽ ഇക്കാര്യത്തിലുള്ള ജോലി ഭാരം കുറയും. |
| (സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) വരുമാന സർട്ടിഫിക്കറ്റിന്റെ കാലാവധി ഏകീകരിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങളെക്കുറിച്ച് ലാന്റ് റവന്യൂ കമ്മീഷണറുടെ നിർദ്ദേശങ്ങൾ ആരാഞ്ഞിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ